(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) യു.ജി.സി. യുടെ മാനദണ്ഡമനുസരിച്ചാണ് ആനുകൂല്യങ്ങൾ അനുവദിച്ചു വരുന്നത്.

പട്ടികജാതി വികസന ഫണ്ട് - ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

207 (2416) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ: .

പട്ടികജാതി വികസന ഫണ്ട് വിനിയോഗിച്ച് ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ 2014-15 സാമ്പത്തിക വർഷം ഏതെല്ലാം പ്രവൃത്തികൾ നടപ്പിൽ വരുത്തുവാൻ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ ?

ഉത്തരം

വിവരം ശേഖരിച്ചു നൽകുന്നതാണ്.

കോർപ്പസ് ഫണ്ട് വിനിയോഗം

208 (2417) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷം മാർച്ച് 31 വരെ കോർപ്പസ് ഫണ്ട് എത്ര ശതമാനം ചെലവഴിച്ചു ;

(ബി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ഈ വർഷം പൂർത്തിയാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് തുടങ്ങാൻ തീരുമാനിച്ചതും ഇനിയും തുടങ്ങിയിട്ടില്ലാത്തതുമായ പദ്ധതികളുടെ പേരുകൾ ജില്ല തിരിച്ച് നൽകാമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷം മാർച്ച് 31 വരെ കോർപ്പസ് ഫണ്ട് 103.41% ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കോർപ്പസ് ഫണ്ടുപയോഗിച്ച് ഈ വർഷം പൂർത്തിയാക്കിയ പദ്ധതികൾ അനുബന്ധം 1 & 2 ആയി ചേർക്കുന്നു.*

(സി) അനുബന്ധം 3 ആയി ചേർക്കുന്നു.*

പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിലെ ക്രമക്കേട്

209 (2418) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിൽ ക്രമക്കേടുകൾ എന്തെങ്കിലും ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പട്ടികജാതി കോളനികളുടെ നവീകരണം

210 (2419) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു കോടി രൂപ ചെലവഴിച്ച് പട്ടികജാതി കോളനികൾ നവീകരിക്കുന്ന പദ്ധതി 2015-16 വർഷത്തിൽ നടപ്പിലാക്കുന്നുണ്ടോ ; വിശദവിവരം ലഭ്യമാക്കാമോ ;

(ബി) ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിൽ സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി ഏതെല്ലാം കോളനികൾ നവീകരിക്കുന്നുണ്ട് ; പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കുവാൻ തീരുമാനിച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയുടെ ഒന്ന്, രണ്ട് ഘട്ടങ്ങളിൽ 2012-13, 2013-14 വർഷങ്ങളിൽ തെരഞ്ഞെടുത്ത കോളനികളിൽ പദ്ധതി പുരോഗമിച്ചു വരുന്നു. പുതിയ കോളനികൾ തെരഞ്ഞെടുക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

*

LIBRARY ARCHIVES Kerala Legislative Assembly